# GOVERNMENT OF KERALA

## Abstract

Disaster Management Department - Proposal for release of advance payment of ₹20 Crore to M/s ULCCS for the Wayanad Township Project-Erratum– Orders Issued.

## DISASTER MANAGEMENT (A) DEPARTMENT

G.O.(Ms)No.10/2025/DMD Dated 24-05-2025,Thiruvananthapuram

Read: 1) GO(Ms) No.07/2025/DMD dated 16/05/2025
2) GO(Ms) No.08/2025/DMD dated 17/05/2025
3) G.O.(P) No. 67/2021/Fin dated 28/04/2021

## ORDER

As per Government Order read as 2nd paper above, an amount of ₹20 Crore was sanctioned from CMDRF to the Special Officer, Wayanad Township Project to be released to M/s ULCCS (the EPC contractor) as advance upon the execution of EPC contract between the Special Officer, Wayanad Township Project and the EPC contractor ( M/s ULCCS), in connection with the Wayanad Township Project.

In the 1st para of the Government Order read as 3rd paper above, the date of landslide occurred shall be read as 30th July 2024.

In addition, the 6th reference mentioned in the GO read as 2nd paper above, shall be read as GO(P)No.67/2021/Fin dated 28/04/2021(read as 3rd paper above). An advance payment @20% of Technical Sanction amount shall be released to the EPC Contractor, after the contact is signed, as per GO read as 3rd paper above. Also, the recovery of advance payment shall be done from part payments, on pro rata basis, as stipulated in the said Government Order.

The Government Order read as 2nd paper above is modified to this extent only.

(By order of the Governor)
TINKU BISWAL
PRINCIPAL SECRETARY

Accountant General (Audit) (A&E), Kerala Thiruvananthapuram
Commissioner, Land Revenue
Commissioner, Disaster Management

CEO, KIIFB
CEO, KIIFCON
Special Officer, Wayanad Township Project
Managing Director, M/s ULCCS Ltd
District Collector, Wayanad
Member Secretary, KSDMA
General Administration (SC) Department (Item No. )
Web & New Media
Stock File/Office Copy

Forwarded /By order

Signed by Sivaprasad V N
Date: 24-05-2025 14:22:58

Section Officer

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 15-05-2025**

ഫയൽ നം. ഡി.എം.എ3/103/2025/ഡി.എം.ഡി. ഇനം നം: 2951

വിഷയം : ദുരന്തനിവാരണ വകുപ്പ് - വയനാട് ടൗൺഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് M/s.ULCCS-ന് 20 കോടി രൂപ അടിയന്തരമായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്.

2951

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 3/103/2025/ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | വയനാട് ടൗൺഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് M/s ULCCS-ന് 20 കോടി രൂപ അടിയന്തരമായി അനുവദിക്കുന്നതിനുള്ള പ്രപ്പോസൽ സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10/05/2025 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. അനുരാധ കെ.സി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 13/05/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13/05/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14/05/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14/05/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) വയനാട് ടൗൺഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് M/S ULCCS Ltd -ന് 20 കോടി രൂപ മുൻകൂറായി അനുവദിക്കുന്നതിനുള്ള പ്രപ്പോസൽ സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടലിൽ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള കല്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിൽ മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ 04/10/2024 ലെ സ.ഉ (കൈ) നം. 11/2024/ഡിഎംഡി പ്രകാരം അംഗീകാരം നൽകിയിരുന്നു.

3) ടൗൺഷിപ്പ് നിർമ്മാണത്തിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് / തൊഴിൽ ഉടമയുടെ പ്രതിനിധി - ആയി KIIFB യെ ചുമതലപ്പെടുത്തിയിരുന്നു. പദ്ധതി കാലയളവിലേക്ക് പദ്ധതി (ഭൂമി വില ഒഴിവാക്കികൊണ്ടുള്ള പദ്ധതിയുടെ യഥാർത്ഥ ചെലവ്) ചെലവ് ലാഭരഹിത അടിസ്ഥാനത്തിൽ നൽകിക്കൊണ്ട് KIIFCON നെ PMC/ എംപ്ലോയർ പ്രതിനിധിയായി നിയമിക്കുകയും, പദ്ധതി നടത്തിപ്പിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) EPC കരാറുകാരായും 15.01.2025 - ലെ സഉ(കൈ) നം.2/2025/ഡിഎംഡി പ്രകാരം നിയമിക്കുകയും ചെയ്തിരുന്നു.

4) 2025 മാർച്ച് 27 ന് നടന്ന വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ ശിലാസ്ഥാപന ചടങ്ങിനുശേഷം, വിശദമായ അന്വേഷണങ്ങൾ, രൂപകൽപ്പന പൂർത്തിയാക്കൽ, പ്ലോട്ട് ഗ്രേഡിംഗ്, സൈറ്റ് ക്ലിയറൻസ്. തൊഴിലാളികളുടെയും യന്ത്രങ്ങളുടെയും സമാഹരണം, സൈറ്റിൽ ഒരു മാതൃകാ വീടിന്റെ നിർമ്മാണം എന്നിവയുൾപ്പെടെയുള്ള പ്രധാന പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കാൻ കരാറുകാരനായ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് (ULCCS) നിർദ്ദേശം നൽകി.

5) പദ്ധതിയുടെ തുടർച്ചയായതും തടസ്സമില്ലാത്തതുമായ സൈറ്റ് പ്രവർത്തനങ്ങൾക്ക് വേണ്ടി M/S ULCCS -ന് 20 കോടി രൂപ മുൻകൂറായി അനുവദിക്കുന്നതിനുള്ള പ്രപ്പോസൽ വയനാട് ടൗൺഷിപ്പ് പ്രോജക്ടിന്റെ സ്പെഷ്യൽ ഓഫീസർ സമർപ്പിക്കുകയുണ്ടായി മേഖലയിൽ ചലനാത്മകത നിലനിർത്തേണ്ടതിന്റെയും സമയനഷ്ടം ഒഴിവാക്കേണ്ടതിന്റെയും ആവശ്യകത ചൂണ്ടിക്കാട്ടി എംപ്ലോയർ പ്രതിനിധിയായ M/s കിഫ്കോൺ ഈ അഭ്യർത്ഥനയെ പിന്തുണച്ചിട്ടുണ്ട്.

6) വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ വിശദമായ ഭരണാനുമതിക്കുള്ള നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. ടൗൺഷിപ്പ് പ്രൊജെക്റ്റിന് മുൻകൂർ തുക അനുവദിക്കുന്നതിന്

മുൻപ് ആദ്യം ഭരണാനുമതിയും, സാങ്കേതിക അനുമതിയും നൽകേണ്ടതുണ്ട്. കൂടാതെ സ്പെഷ്യൽ ഓഫീസർ, EPC കോൺട്രാക്ടറിന് മുൻകൂർ തുക അനുവദിക്കുന്നതിന് മുൻപ് EPC കോൺട്രാക്ട് ഒപ്പ് വയ്ക്കുകയും വർക്ക് ഓർഡർ നൽകേണ്ടതും ആവശ്യമാണ്. വയനാട് പ്രോജക്റ്റിന്റെ സാമ്പത്തിക ഘടന തീരുമാനിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. എന്നിരുന്നാലും, പ്രോജക്റ്റ് നടപ്പിലാക്കേണ്ട അടിയന്തിര സാഹചര്യവും നടന്നുകൊണ്ടിരിക്കുന്ന സൈറ്റ് ജോലികൾക്ക് തടസ്സം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും താൽക്കാലിക മുൻകൂർ ധനസഹായം എന്ന നിലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്) നിന്ന് 20 കോടി രൂപ അനുവദിക്കാൻ സ്പെഷ്യൽ ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്. മുൻകൂർ തുക അനുവദിക്കേണ്ടത് പ്രോജക്റ്റിന്റെ പ്രാഥമിക ധന മാർഗ്ഗമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ്. CMDRF - ന്റെ നിലവിലെ മാനദണ്ഡ പ്രകാരം 3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുക അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമായതിനാൽ, പ്രോജക്റ്റ് സംബന്ധിച്ച മറ്റ് പ്രാഥമിക അംഗീകാരങ്ങൾ ലഭിച്ചുകഴിഞ്ഞാൽ (ഭരണാനുമതി, സാങ്കേതികാനുമതി, EPC കരാർ ഒപ്പുവയ്ക്കൽ, വർക്ക് ഓർഡർ നൽകൽ) CMDRF - ൽ നിന്നും തുക സ്പെഷ്യൽ ഓഫീസർക്ക് അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതുണ്ട്.

7) വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ വേഗത്തിലുള്ള പുരോഗതി ഉറപ്പാക്കുന്നതിനായി, ഭരണപരവും സാമ്പത്തികവുമായ പ്രക്രിയകൾ അന്തിമമാക്കുന്നതുവരെ, CMDRF-ൽ നിന്ന് M/S ULCCS-ന് 20 കോടി രൂപ മുൻകൂർ ആയി അനുവദിക്കാമോ എന്നതിനെക്കുറിച്ചുള്ള ഉത്തരവിനായി ബഹു. മുഖ്യമന്ത്രിയുടെ പരിഗണനയ്ക്കായി ഫയൽ സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വയനാട് ടൗൺഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട്, സ്പെഷ്യൽ ഓഫിസറും, EPC കോൺട്രാക്ടറും തമ്മിൽ EPC കരാർ ഒപ്പുവയ്ക്കുന്ന മുറയ്ക്ക്, EPC കോൺട്രാക്ടർക്ക് ( ULCCS Ltd), മുൻകൂർ തുക അനുവദിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 20 കോടി രൂപ വയനാട് ടൗൺഷിപ്പ് സ്പെഷ്യൽ ഓഫീസർക്ക് അനുവദിക്കാമോ ?